LIBRARY ARCHIVES Kerala Legislative Assembly

സാംക്രമിക രോഗങ്ങൾമൂലമുള്ള മരണം

130 [135] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്: സർക്കാർ അധികാരമേറ്റെടുത്തശേഷം സാംക്രമിക രോഗങ്ങൾ പിടിപെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലയളവിൽ വൈറൽ പനി, ഡങ്കിപ്പനി, ജപ്പാൻ ജ്വരം, എലിപ്പനി, മഞ്ഞപ്പിത്തം, കോളറ, അതിസാരം, മഞ്ഞപ്പനി, സാർസ് എന്നീ രോഗങ്ങൾമൂലം എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001 ജനുവരി മുതൽ 2004 ഡിസംബർ വരെ 2796 പേർ സാംക്രമിക രോഗങ്ങൾ പിടിപെട്ട് കേരളത്തിൽ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 1000 പേർ ശ്വാസകോശ അണുബാധമൂലം മരണപ്പെട്ടതുൾപ്പെടെയാണ്.

(ബി) ഈ കാലയളവിൽ മഞ്ഞപ്പനിയും സാർസ്മൂലവും ആരും മരണപ്പെട്ടിട്ടില്ല. മറ്റു രോഗങ്ങൾമൂലം മരണപ്പെട്ടതിന്റെ ജില്ല തിരിച്ചും വർഷം തിരിച്ചുമുള്ള കണക്കുകൾ പട്ടികരൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ചീക്കോട് ആശുപത്രിയുടെ നവീകരണം

131 [136] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് സെന്ററുകളെ നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) മഞ്ചേരി നിയോജക മണ്ഡലത്തിലെ ചീക്കോട് ആശുപത്രിയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ നവീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ചീക്കോട് ആശുപത്രി പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനങ്ങൾക്കായി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയിൽ (എം.ജി.പി.) ഉൾപ്പെടുത്തി സംസ്ഥാനത്ത് 99 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 17 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നവീകരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.